പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1037 30.01.2019 ൽ മറുപടിയ്ക്ക്.

**പുതിയ ഐ.ടി.ഐ കളും കോഴ്സുകളും**

ചോദ്യം ഉത്തരം

ശ്രീ.കെ.വി.വിജയദാസ് : ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി ആരംഭിച്ചിട്ടുള്ള ഐ.ടി.ഐ-കളുടെ വിശദവിവരം നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ വാമനപുരം, വർക്കല കൊല്ലം ജില്ലയിലെ കൊട്ടാരക്കര, ചടയമംഗലം, മയ്യനാട്, ഇടുക്കി ജില്ലയിലെ ചിത്തിരപുരം, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, ചാത്തമംഗലം, പാലക്കാട് ജില്ലയിലെ പെരുമാട്ടി, കണ്ണൂർ ജില്ലയിലെ പടിയൂർ പിണറായി, പന്ന്യന്നൂർ, കാസർഗോഡ് ജില്ലയിലെ കോടോം-ബേളൂർ, കുറ്റിക്കോൽ, പീലിക്കോട് എന്നിവിടങ്ങളിലായി 15 പുതിയ ഐ.ടി.ഐ. കൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി പുതിയതായി ആരംഭിച്ചിട്ടുള്ള കോഴ്സുകൾ ഏതൊക്കെയാണ്; ഇതിലൂടെ പുതിയ തൊഴിൽ മേഖലകൾ സംസ്ഥാനത്ത് വളർന്നുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ? | (ബി) ഐ.ടി.ഐ.കളിൽ പുതിയ കോഴ്സുകൾ ഉൾപ്പെടുത്തുന്നത് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.ടി) - ന്റെ നിർദ്ദേശ പ്രകാരമാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കാലഹരണപ്പെട്ട കോഴ്സുകൾ ഡി.ജി.ടി. നിർത്തലാക്കുകയും സിലബസുകൾ കാലാനുസൃതമായി പരിഷ്കരിക്കുകയും കോഴ്സുകളിൽ നൂതന സാങ്കേതികവിദ്യയ്ക്ക് അനുയോജ്യമായിട്ടുള്ള യന്ത്രസാമഗ്രികൾ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഡി.ജി.ടി. കോഴ്സുകളും സിലബസും പരിഷ്കരിക്കുന്നതനുസരിച്ച് ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ഐ.ടി.ഐ.കളിൽ പരിശീലനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിലൂടെ പുതിയ തൊഴിൽ മേഖലകൾ സംസ്ഥാനത്ത് വളർന്നു വരുന്നതിനുള്ള പ്രവണത കാട്ടിത്തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ